4/7/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 584(1)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5042/SIC-G4/2020)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂൺ 30**

ഡോ. കെ.ആർ. ജനാർദ്ദനൻ,
അസിസ്റ്റന്റ് സർജൻ (റിട്ട.),
കുഴിമറ്റത്തിൽ ദേവിവിലാസം,
കുറവിലങ്ങാട്, കോട്ടയം – 686 633.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
   ജനറൽ ആശുപത്രി റോഡ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി,
   ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
   ജനറൽ ആശുപത്രി റോഡ്, തിരുവനന്തപുരം.
3. ശ്രീ. എസ്. ബാജിമോൻ,
   അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട),
   ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),
   കൊല്ലം.
4. ശ്രീ. അമൽനാഥ് വി.എസ്.,
   സാമൂഹികാരോഗ്യ കേന്ദ്രം,
   കൂടല്ലൂർ, കോട്ടയം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 03.07.2020-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, ഹർജിക്കാരന്റെ 03.01.2020-ലെ വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. എസ്.ബാജിമോൻ നൽകിയിരുന്നില്ല എന്ന വീഴ്ചയ്ക്ക് ടിയാൻ കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷ ലഭിച്ച അവസരത്തിൽ സെക്ഷൻ ക്ലാർക്കിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. അമൽനാഥാണ് ടി അപേക്ഷ കൈപ്പറ്റിയിരുന്നതെന്നും എന്നാൽ ടിയാൻ ജനുവരി മാസം ആദ്യത്തെ

രണ്ടാഴ്ചകളിൽ ഇടവിട്ട് ഇടവിട്ട് അവധിയിലും തുടർന്ന് പലപ്പോഴായി ജോലിക്ക് ഹാജരാകാതിരുന്നതിനാലും ടിയാനെ മാറ്റാൻ സ്വമേധയാ മേലധികാരികളോട് വാക്കാലും രേഖാമൂലവും അപേക്ഷിച്ചിരുന്നു എന്നും ശ്രീ. അമൽനാഥ് കൈപ്പറ്റിയ ഹർജിക്കാരന്റെ അപേക്ഷയെ സംബന്ധിച്ചോ, ബന്ധപ്പെട്ട രേഖകളെ സംബന്ധിച്ചോ യാതൊരു അറിവും ടിയാന് ഇല്ലായിരുന്നു എന്നും ഇതേ കാലയളവിൽ തന്നെ കോവിഡ്–19 മഹാമാരിയുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ സംവിധാനവും മാനവശേഷിയും രോഗത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ മുഴുവൻ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതിനാൽ യഥാസമയം ടിയാന്റെ മേലധികാരികൾക്ക് ടിയാൻ ആവശ്യപ്പെട്ട സംഗതികൾക്ക് പരിഹാര നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ലായെന്നും കൊല്ലം ജില്ലക്കാരനായ ടിയാന് കോവിഡ്–19 വ്യാപനം മൂലമുണ്ടായ യാത്രാ സൗകര്യമില്ലായ്മയും തുടർച്ചയായ ലോക്ക്ഡൗൺ നിമിത്തവും പലപ്പോഴായി ടി കാലയളവിൽ ഓഫീസിൽ ഹാജരാകുവാൻ കഴിഞ്ഞിരുന്നില്ലെന്നും ടിയാന്റെ ലാവണമായ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കൃത്യമായി എത്താൻ കഴിയാത്തതിനാൽ ബഹു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശാനുസരണം കൊല്ലം ജില്ലയിലെ കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ടിയാനേയും ജില്ലയിലെ മറ്റ് ജീവനക്കാരെയും നിയോഗിച്ചിട്ടുള്ളതാണെന്നും സെക്ഷൻ ക്ലാർക്കായ ശ്രീ. അമൽനാഥ് ടിയാന്റെ ചുമതലയിലുള്ള ഫയലുകളും ബന്ധപ്പെട്ട രേഖകളും മറ്റൊരാൾക്ക് കൈമാറാതെ മാസങ്ങൾ നീണ്ടുപോയ സാഹചര്യത്തിൽ തൊട്ടടുത്ത സെക്ഷന്റെ ചുമതലയുള്ള ക്ലാർക്കിന് രേഖാമൂലം അധിക ചുമതല നൽകിയത് 6/2020 ലാണെന്നും നിർഭാഗ്യവശാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീൽ അപേക്ഷയ്ക്കും മറുപടി നൽകിയിട്ടില്ലാ എന്ന വസ്തുത രണ്ടാം അപ്പീൽ അപേക്ഷ ലഭിച്ചപ്പോഴാണ് അധിക ചുമതല നൽകിയ ക്ലാർക്കിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നും ടിയാൻ രേഖകൾ ശ്രമകരമായി കണ്ടെത്തിയ ഉടൻ തന്നെ ടി കാര്യാലയത്തിൽ നിന്നും 22.6.2020–ലെ എ.സി1/49767/19/ആ.വ.ഡ. നമ്പർ കത്ത് പ്രകാരം ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ.അമൽനാഥിന്റെ തികഞ്ഞ അശ്രദ്ധയും കുറ്റകരമായ ഉത്തരവാദിത്വരാഹിത്യവും, കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് ഒട്ടാകെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ടി കാര്യാലയത്തിന്റെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കേണ്ടി വന്ന സാഹചര്യത്തിലും, തുടർച്ചയായി ഉണ്ടായ ലോക്ക്ഡൗൺ കാരണത്താലും ഓഫീസിൽ എത്താൻ കഴിയാതെ കൊല്ലം ജില്ലയിലെ കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങളിൽ നിയോഗിച്ചതിനാലുമാണ് ഹർജിക്കാരന്റെ അപേക്ഷയിലും അപ്പീലിലും നടപടി യഥാസമയം സ്വീകരിക്കുവാൻ ടിയാന്റെ ഭാഗത്ത് നിന്നും ബോധപൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുള്ളതെന്നും

ആയത് മാപ്പാക്കി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവാകണമെന്നും മറ്റുമാണ്. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ കഴിയുന്നത്ര വേഗത്തിലും, അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം മറുപടി നൽകുക എന്നത് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലാണ്. ഇക്കാര്യത്തിൽ 03.01.2020 ന് ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് കാലതാമസം വരുത്തി 22.06.2020 നാണ് മറുപടി നൽകിയിട്ടുള്ളത്. ടി വീഴ്ച ശിക്ഷാർഹമായതിനാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. എസ്. ബാജിമോനെ ശിക്ഷിക്കുവാനും പിഴ ശിക്ഷയായി 1000/- (ആയിരം) രൂപ ടിയാനിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ടി പിഴ സംഖ്യ 30.07.2022 നകം "0070–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാന്റെ സ്ഥാവരജംഗവസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

2. നാലാം എതിർകക്ഷിയായ സെക്ഷൻ ക്ലാർക്ക് ശ്രീ. അമൽനാഥ് വി.എസ്., കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരനായ ഡോ. കെ.ആർ. ജനാർദ്ധനൻ 3.1.2020 തീയതി നൽകിയ വിവരാവകാശ അപേക്ഷ ടിയാൻ കൈപ്പറ്റിയിരുന്നുവെന്നും എന്നാൽ ടിയാന്റെ അമ്മയ്ക്ക് സുഖമില്ലാതെ ആശുപത്രിയിൽ കിടത്തി ചികിത്സയും തുടർന്ന് സർജറിയും ആവശ്യമായി വന്നതിനാൽ ടിയാന് പലപ്പോഴും അവധിയിൽ പ്രവേശിക്കേണ്ടതായി വന്നുവെന്നും കോട്ടയം ജില്ലയിൽ ഒറ്റക്ക് താമസിക്കുന്ന അമ്മയ്ക്ക് ഏകമകനായ ടിയാന്റെ പൂർണ്ണ സംരക്ഷണവും പരിചരണവും ആവശ്യമായി വന്നതിനാലും തുടർന്നുണ്ടായ കോവിഡ് മഹാമാരിയും കാരണം ടിയാന് അവധിയിൽ പ്രവേശിക്കേണ്ടതായി വന്നുവെന്നും ആയതിനാലാണ് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാൻ സാധിക്കാതെ വന്നതെന്നും ടിയാന്റെ ഭാഗത്ത് നിന്നും മന:പൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ്. ടി വിശദീകരണം വിവരാവകാശ നിയമപ്രകാരം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 5 മാസത്തിലധികം വൈകി മറുപടി ലഭിക്കുവാൻ ഇടയായത് പരാമർശിത കാലയളവിലെ സെക്ഷൻ ക്ലാർക്കും ഡീംഡ് പി.ഐ.ഒ.യുമായ ശ്രീ. അമൽനാഥിന്റെ ഭാഗത്ത് സംഭവിച്ച വീഴ്ച കാരണമായതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന താക്കീത് നൽകുവാനും ടിയാനിൽ നിന്നും പിഴ സംഖ്യയായി 3000/-

(മൂവായിരം) രൂപ ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ശ്രീ. അമൽനാഥ് 3000/- (മൂവായിരം) രൂപ മാത്രം "0070–60-118-99-Receipts under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ 30/07/2022–നകം രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ കമ്മീഷൻ ഈടാക്കുന്നതാണ്.

3. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ മാസം 30–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി